LIBRARY ARCHIVES Kerala Legislative Assembly

കാർഷിക വായ്പകൾ

259 (3691) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ മുഖേന കാർഷിക വായ്പകൾക്ക് ധനസഹായം നൽകുന്നതിന് കാർഷിക വായ്പാതോത് വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

സംസ്ഥാനത്തെ കാർഷിക വായ്പാതോത് ഉയർത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി 22-7-2021-ന് സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്നിരുന്നു. ടി യോഗത്തിൽ വിവിധ വകുപ്പുകളിൽനിന്നും വന്ന വായ്പാതോതുകളിൽ യോഗം കൂടുതൽ വ്യക്തത വരുത്തുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. യോഗം നിർദ്ദേശിച്ച പ്രകാരമുള്ള വ്യക്തത ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം പുതുക്കിയ നിരക്കിലുള്ള കാർഷിക വായ്പാതോതുകൾക്ക് അംഗീകാരം നൽകുന്നതാണ്. സംസ്ഥാനത്തെ കാർഷിക വായ്പ സഹകരണ സംഘങ്ങൾ/പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് ബാങ്ക് ഭരണസമിതികൾക്ക് പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച്, സംസ്ഥാനത്തെ കാർഷിക ഉത്പാദനവും കാർഷിക വായ്പാ വിതരണവും കൂട്ടുന്നതിനും പുതിയ പദ്ധതികൾ/പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/മറ്റ് വായ്പ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് ടി സംഘങ്ങൾ കുറഞ്ഞത് 20% എങ്കിലും ടി സാമ്പത്തിക വർഷമോ അതിന് തൊട്ടുമുമ്പുള്ള വർഷമോ കാർഷിക വായ്പ നൽകിയിരിക്കണമെന്നും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്കായുള്ള ഹ്രസ്വകാല മധ്യകാല വായ്പകളുടെ, ഒരു അംഗത്തിന് നൽകാവുന്ന പരമാവധി വായ്പാപരിധി 3 ലക്ഷത്തിൽനിന്നും 5 ലക്ഷം രൂപയായി ഉയർത്തിയും, ഇതിനു പുറമേ പുതുതായി, കാർഷിക അനുബന്ധ വായ്പ പരമാവധി 3 ലക്ഷം രൂപയും കാർഷിക ആവശ്യങ്ങൾക്കും കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുമുള്ള സ്വർണ്ണപ്പണയ വായ്പ പരമാവധി 3 ലക്ഷം രൂപയും അനുവദിച്ചുനൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കർഷക പ്രൊഡ്യൂസർ കമ്പനികൾക്കും കർഷക സംരംഭകർക്കും ഉദാരമായ വ്യവസ്ഥയിൽ വായ്പ നൽകുന്നതിന് സഹകരണ ബൈലോകൾ ഭേദഗതി ചെയ്യുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ടോ?

കർഷക പ്രൊഡ്യൂസർ കമ്പനികൾക്കും, കർഷക സംരംഭകർക്കും ഉദാരമായ വ്യവസ്ഥയിൽ വായ്പ നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾ സമർപ്പിച്ച നിയമാവലി ഭേദഗതി തിരുവനന്തപുരം, കോഴിക്കോട്, വയനാട് ജില്ലകളിൽ സമയബന്ധിതമായി അംഗീകരിച്ചു നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ നെൽകർഷക സംരംഭകർക്ക് ഉദാരമായ വ്യവസ്ഥയിൽ കെ.സി.സി. പലിശരഹിത വായ്പ, അഗ്രിക്കൾച്ചറൽ ഗോൾഡ് ലോൺ എന്നിവ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ മറ്റ് കർഷകർക്കും, ക്ഷീര കർഷക സംരംഭകർക്കും കുറഞ്ഞ പലിശ നിരക്കിൽ കെ.സി.സി. വായ്പകൾ നൽകുന്നതിന് ബൈലാ വ്യവസ്ഥ രജിസ്റ്റർ ചെയ്യ നൽകുന്നുണ്ട്.

(സി) കർഷകരറിയാതെ അവരുടെ പേരിൽ കാർഷിക വായ്പ എടുത്ത് തട്ടിപ്പ് നടത്തുന്നത് തടയുന്നതിന് പരിശോധനകൾ കർശനമാക്കുമോ?

കർഷകർ അറിയാതെ അവരുടെ പേരിൽ കാർഷിക വായ്പ എടുത്ത് തട്ടിപ്പ് നടത്തുന്നത് തടയുന്നതിന് നിയമാനുസൃതമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കാർഷിക കടാശ്വാസം

260 (3692) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ ഉത്തരവുപ്രകാരം അർഹരായ കർഷകർക്ക് നൽകിയിട്ടുള്ള ആശ്വാസ നടപടികളുടെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ എത്ര രൂപ നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ?

സഹകരണ ബാങ്കുകൾക്ക് കാർഷിക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച തുകയിൽ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ ഉത്തരവ് മുഖേന അനുവദിച്ച് ലഭിച്ച തുകയിൽ 3,90,90,063 രൂപ കൃഷി ഡയറക്ടറുടെ ഓഫീസിൽനിന്നും 2020-21 സാമ്പത്തിക വർഷം അലോട്ട്മെന്റ്